**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **28-06-2022 - ൽ മറുപടിയ്ക്ക്**

**'കെയർ ഹോം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 'കെയർ ഹോം' പദ്ധതി പ്രകാരം നാളിതുവരെ എത്ര വീട്ടുകളാണ് നിർമ്മിച്ച് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2022 ജൂൺ 20 വരെ 2090 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, അതിൽ 2088 വീട്ടുകൾ അതാത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച രണ്ടു വീട്ടുകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. |
| (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര വീട്ടുകളാണ് നിർമ്മിച്ച് നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 14 വീട്ടുകളാണ് നിർമ്മിച്ച് നൽകിയത് |
| (സി) | 'കെയർ ഹോം' പദ്ധതി വഴി വരും ദിനങ്ങളിൽ എത്ര വീട്ടുകളാണ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കെയർ ഹോം രണ്ടാം ഘട്ടം പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | 'കെയർ ഹോം' പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം വിശദമാക്കാമോ? | (ഡി) | റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും പ്രകൃതി ക്ഷോഭത്തിലും കെടുതി അനുഭവിക്കുന്നവരിൽ നിന്ന് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ഭൂരഹിതരുടെ പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ